## കേരള സർക്കാർ
## ധനകാര്യ (റൂൾസ്-എ) വകുപ്പ്

നം. 11/2018/ധന

തിരുവനന്തപുരം, തീയതി: 12.02.2018

### പരിപത്രം

വിഷയം:- കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം ഒന്ന്, ചട്ടം 147 ന് ചുവടെയുള്ള സർക്കാർ തീരുമാനം നം. 2-സംബന്ധിച്ച്.

സൂചന:- സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 29/07/2015 ലെ എൽ.എഫ്. 7326/എം. എസ്. 2/2015, 21/01/2016 ലെ കെ.എസ്.എ. 7326/എം. എസ്. 2/2016 എന്നീ നമ്പർ കത്തുകൾ.

സർക്കാർ വകുപ്പുകളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിവിധ ക്ഷേമനിധി ബോർഡുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ക്ഷേമനിധി ബോർഡ് അവധി അനുവദിക്കുമ്പോൾ അവധി സംബന്ധമായ വിവരങ്ങൾ മാതൃവകുപ്പിൽ സൂക്ഷിച്ചിട്ടുള്ള അവരുടെ സേവനപുസ്തകത്തിലെ അവധി കണക്കിൽ ചേർക്കുന്നുണ്ടോ എന്ന് ഓഡിറ്റിൽ പരിശോധിക്കുന്നതിന് കഴിയുന്നില്ലെന്നും ആയതിനാൽ ഇത് സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ വകുപ്പുകൾക്കും ബോർഡുകൾക്കും നൽകണമെന്നും സൂചനപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. കെ എസ് ആർ ഭാഗം I ചട്ടം 147 നു ചുവടെയുള്ള സർക്കാർ തീരുമാനം 2 പ്രകാരം ഒരു സർക്കാർ ജീവനക്കാരനെ അന്യസേവനത്തിലേയ്ക്ക് മാറ്റുമ്പോൾ ആ സർക്കാർ ഉദ്യോഗസ്ഥന് അനുവദനീയമായ അവധിയും അവധി വേതനവും നിർണ്ണയിക്കുന്നതിനായി ആ ഉദ്യോഗസ്ഥന്റെ അവധിക്കണക്കിന്റെ പ്രസ്കതഭാഗം, ഗസറ്റഡ് ഉദ്യോഗസ്ഥരുടെ കാര്യത്തിൽ അക്കൗണ്ടന്റ് ജനറലും, മറ്റുള്ളവരുടെ കാര്യത്തിൽ ആഫീസ് തലവനും അന്യസേവന തൊഴിലുടമയ്ക്ക് (Foreign Employer) നല്കേണ്ടതാണ്. അന്യസേവനത്തിലുള്ള സർക്കാർ ജീവനക്കാരന് അവധി അനുവദിക്കുമ്പോഴെല്ലാം ഉത്തരവിന്റെ പകർപ്പ്, ഗസറ്റഡ് ഉദ്യോഗസ്ഥരുടെ കാര്യത്തിൽ അക്കൗണ്ടന്റ് ജനറലിനും മറ്റുള്ളവരുടെ കാര്യത്തിൽ അവരുടെ മാതൃവകുപ്പിലെ ആഫീസ് തലവൻമാർക്കും അന്യസേവന തൊഴിലുടമ (Foreign Employer) അയച്ചുകൊടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

3. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. സർക്കാർ ജീവനക്കാരെ അന്യസേവനവ്യവസ്ഥയിൽ നിയമിക്കുമ്പോൾ കെ. എസ്. ആർ. ഭാഗം I ചട്ടം 147 നു ചുവടെയുള്ള സർക്കാർ തീരുമാനം 2-ലെ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണെന്നും അവധി സംബന്ധമായ വിവരങ്ങൾ മാതൃവകുപ്പിൽ സൂക്ഷിച്ചിട്ടുള്ള സേവനപുസ്തകത്തിലെ അവധി കണക്കിൽ ചേർക്കേണ്ടതാണ് എന്നും എല്ലാ വകുപ്പ് / ആഫീസ് തലവൻമാർക്കും നിർദ്ദേശം നൽകുന്നു. ഇതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ്.

**ജി. അശോക് കുമാർ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ. എസ്. എ), കേരള, തിരുവനന്തപുരം
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും / അഡീഷണൽ സെക്രട്ടറിമാർക്കും/ ജോയിന്റ് സെക്രട്ടറിമാർക്കും/ ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/ അണ്ടർ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് തലവന്മാർക്കും ഓഫീസ് മേധാവികൾക്കും
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
രജിസ്ട്രാർ, കേരള / കൊച്ചി / കാലിക്കറ്റ് / മഹാത്മാഗാന്ധി / കണ്ണൂർ സർവ്വകലാശാലകൾ (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, ആരോഗ്യ സർവ്വകലാശാല (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല, വയനാട് (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള മത്സ്യബന്ധന സമുദ്രഗവേഷണ സർവ്വകലാശാല, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
സെക്രട്ടറി ഓംബുഡ്സ്മാൻ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കെ.എസ്.ഇ.ബി, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ, കേരള, തിരുവനന്തപുരം
സംസ്ഥാന വിവരാവകാശ കമ്മീഷണർ (ആമുഖകത്ത് സഹിതം)
നോഡൽ ഓഫീസർ (www.finance.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (E-129494).

ഉത്തരവിൻപ്രകാരം

Shthil

സെക്ഷൻ ഓഫീസർ